# വേണ്ടത് ഇഛാശക്തി

**'തെമ്മാടികളുടെ** അവസാനത്തെ താവളമാണ് രാഷ്ട്രീയം' എന്ന വാക്യം ഒരെഴുത്തുകാരന്റെ ചമൽക്കാര പ്രയോഗം എന്നതിലുപരി അലങ്കാരമണിയാത്ത യാഥാർഥ്യമായി പരിണമിക്കുകയാണ് ഇന്ത്യയിൽ. സാധാരണ രാഷ്ട്രീയ പ്രവർത്തകരിൽ മാത്രമല്ല ക്രിമിനലുകളുള്ളത്. നേതൃമണ്ഡലങ്ങളിലും ഭരണ കേന്ദ്രങ്ങളിലുമെല്ലാം കുറ്റവാളികൾ വിഹരിക്കുകയാണ്. രാഷ്ട്രീയം മാന്യമാർ ഇഷ്ടപ്പെടാത്ത കാര്യമായി ത്തീർന്നിരിക്കുന്നു എന്നു പറഞ്ഞത് ഏതെങ്കിലും അരാഷ്ട്രീയക്കാരനല്ല. പ്രായം കൊണ്ടും പദവികൊണ്ടും ഇന്ത്യയിലെ അത്യുന്നത രാഷ്ട്രീയക്കാരനായ മൻമോഹൻ സിംഗാണ്.

ജനാഭിലാഷത്തിന്റെ രൂപീകരണവും സാക്ഷാത്കാരവുമാണ് ജനാധിപത്യത്തിന്റെ കാതൽ. രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രവർത്തകരുമാണ് ജനാഭിപ്രായം രൂപപ്പെടുത്തുന്നതും പ്രാവർത്തികമാക്കുന്നതും. അവരാണ് ബഹുജനങ്ങൾക്ക് മൂല്യങ്ങൾ പകർന്നുകൊടുത്ത് ഉത്ബുദ്ധരാക്കേണ്ടത്. രാഷ്ട്രീയക്കാരിൽനിന്നു സത്യവും നീതിയും ചോർന്നു പോകുമ്പോൾ സമൂഹത്തിൽനിന്നും അവ ചോർന്നുകൊണ്ടിരിക്കും. മണി പവറും മസിൽ പവറും അവരെയും സ്വാധീനിക്കും. വ്യവസ്ഥിതി ജനാധിപത്യമായാലും ഏകാധിപത്യമായാലും സോഷ്യലിസമായാലും മുതലാളിത്തമായാലുമൊക്കെ രാജ്യം രാജ്യമായി നിലനിൽക്കാൻ നിയമവാഴ്ച കൂടിയേ തീരൂ. നിയമവാഴ്ചയുടെ തളർച്ച ജനാധിപത്യത്തിന്റെ കൂടി തളർച്ചയാകുന്നു.

ക്രിമിനലിസത്തിന്റെ അതിപ്രസരം ദേശീയ രാഷ്ട്രീയത്തിന്റെ ദിശ തെറ്റിക്കുന്നുണ്ടെന്ന് നമ്മുടെ രാഷ്ട്രീയ നേതാക്കൾ മനസ്സിലാക്കാതെയല്ല. ഈയിടെ ദൽഹിയിൽ സംഘടിപ്പിക്കപ്പെട്ട, ഇലക്ഷൻ കമീഷന്റെ വജ്ര ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത നേതാക്കളെല്ലാം രാഷ്ട്രീയത്തിൽ വർധിച്ചുവരുന്ന ക്രിമിനൽ സ്വാധീനത്തിൽ ഉത്കണ്ഠപ്പെടുകയുണ്ടായി. പൊതുജീവിതത്തിൽനിന്ന് കുറ്റവാളികളെ അകറ്റിനിർത്തണമെന്നും മസിൽ പവറിന്റെയും മണി പവറിന്റെയും വർധിച്ചുവരുന്ന സ്വാധീനത്തിന് തടയിട്ടേ തീരൂ എന്നും കോൺഗ്രസ് അധ്യക്ഷ സോണിയാ ഗാന്ധി പറഞ്ഞു. എങ്കിലേ ദിശ തെറ്റിയ രാഷ്ട്രീയധാരയെ ശരിയായ ദിശയിലേക്ക് തിരിച്ചു കൊണ്ടുവരാൻ കഴിയൂ. രാഷ്ട്രീയത്തെ ക്രിമിനൽ മുക്തമാക്കാൻ തന്റെ പാർട്ടി ചില ഉറച്ച നടപടികളാവിഷ്കരിക്കുന്നുണ്ടെന്ന് സൂചിപ്പിച്ച കോൺഗ്രസ് അധ്യക്ഷ രാജ്യത്തെ മറ്റു പാർട്ടികളും ഇക്കാര്യം ഗൗരവപൂർവം പരിഗണിക്കണമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു. ക്രിമിനലുകളുടെ സ്വാധീനത്തിൽനിന്ന് രാഷ്ട്രീയ കക്ഷികളെ മോചിപ്പിക്കേണ്ടതിന്റെ അനിവാര്യത കൂടുതൽ വിശദീകരിച്ചുകൊണ്ട് സോണിയാ ഗാന്ധിയെ പൂർണമായി പിന്താങ്ങുകയായിരുന്നു ബി.ജെ.പി നേതാവ് സുഷമ സ്വരാജ്. ചടങ്ങിൽ സംസാരിച്ച നിയമകാര്യ മന്ത്രി വീരപ്പമൊയ്‌ലിയും പ്രകടിപ്പിച്ചത് ഇതേ അഭിപ്രായംതന്നെ. ഈ വിഷയത്തിൽ പ്രായോഗിക നടപടികളെടുക്കാൻ ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് ഉടനെ നിർദേശങ്ങളാരായുന്നുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു. രാഷ്ട്രീയം മാന്യന്മാർക്ക് ചേരാത്ത കാര്യമായിത്തീർന്നിരിക്കുന്നുവെന്ന് പ്രധാനമന്ത്രി മൻമോഹൻ സിംഗ് പറഞ്ഞതും ഇതേ വേദിയിലാണ്.

നേതാക്കളുടെ ഈ വായ്ത്താരികളിൽ പുതുമയൊന്നുമില്ല. പത്തു പതിനഞ്ചു

വർഷമായി ജനം ഇതു കേട്ടുകൊണ്ടിരിക്കുന്നു. പാർലമെന്റിനകത്തും ഇതെക്കുറിച്ച് ചൂടുപിടിച്ച ചർച്ചകളരങ്ങേറുകയുണ്ടായി. ക്രിമിനലുകൾ രാഷ്ട്രീയത്തിലിടപെടുന്നതിൽ കുഴപ്പമില്ലെന്ന് ഒരു പാർട്ടിയും പറഞ്ഞിട്ടില്ല. വൻ വിപത്താണെന്നുതന്നെയാണ് എല്ലാവരും പറഞ്ഞത്. സർക്കാർതലത്തിൽ ചില നീക്കങ്ങളുമുണ്ടായി. വിഷയമന്വേഷിക്കാൻ ഒരു കമീഷൻ നിശ്ചയിക്കപ്പെട്ടു എന്നതാണതിൽ പ്രധാനം. കമീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അതിന്മേലും നടന്നു പാർലമെന്റിൽ വിശദമായ ചർച്ച. പക്ഷേ, പ്രശ്നം പരിഹരിക്കാൻ പര്യാപ്തമായ നിയമനിർമാണമുണ്ടായില്ല. ഇലക്ഷൻ കമീഷൻ ഈ വിഷയത്തിലേക്ക് സർക്കാറിന്റെയും രാഷ്ട്രീയ കക്ഷികളുടെയും ശ്രദ്ധ ആവർത്തിച്ചു ക്ഷണിക്കാറുണ്ട്. ചില കമീഷണർമാർ തെരഞ്ഞെടുപ്പ് ചട്ടങ്ങൾ കർശനമായി നടപ്പിലാക്കാൻ ശ്രമിക്കാറുമുണ്ട്. അതൊന്നും പക്ഷേ സ്ഥിതിഗതികളിൽ കാര്യമായ മാറ്റമുണ്ടാക്കാറില്ല. ഏതാണ്ടെല്ലാ നിയമസഭകളിലും ക്രിമിനലുകൾക്ക് മോശമല്ലാത്ത പ്രാതിനിധ്യം ഇപ്പോഴുമുണ്ട്. കൊലക്കേസിൽ പ്രതികളായവർ മുഖ്യമന്ത്രിമാരായി വരെ സത്യപ്രതിജ്ഞ ചെയ്യുന്നു. കള്ളക്കടത്ത്, മനുഷ്യക്കടത്ത്, മാഫിയ സംഘങ്ങൾ തുടങ്ങിയവയുമായൊക്കെ ഉറ്റ സമ്പർക്കമുള്ള ജനപ്രതിനിധികളുടെ സംഖ്യ വർധിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയ പ്രവർത്തനം ഒരു പ്രഫഷൻ ആയപ്പോൾ അതിൽ പണശക്തി നിർണായകമായത് സ്വാഭാവികം. കക്ഷികളിൽ പണത്തിന്റെ സ്വാധീനം വർധിക്കുന്ന മുറക്ക് ക്രിമിനൽ സ്വാധീനവും വളരുകയാണ്. പാർട്ടി ഫണ്ട് പോഷിപ്പിക്കുന്നവൻ ക്രിമിനലായാലും സാമൂഹ്യദ്രോഹിയായാലും നേതൃസ്ഥാനങ്ങളിലേക്ക് ഉയർത്തപ്പെടുകയും ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു.

കുറ്റവാളികളെ രാഷ്ട്രീയത്തിൽനിന്ന് അകറ്റണമെന്ന് പറയാൻ എളുപ്പമാണ്. അത് പ്രാവർത്തികമാക്കുക അത്ര എളുപ്പമല്ല. പ്രസംഗങ്ങളും പ്രബന്ധങ്ങളുമല്ല രാഷ്ട്രീയം ക്രിമിനലുകളിൽനിന്ന് മുക്തമാകാൻ വേണ്ടത്. അതിന് ഒന്നാമതായി സങ്കുചിത കക്ഷിതാൽപര്യങ്ങളേക്കാൾ പ്രധാനമായി ദേശീയ താൽപര്യങ്ങളെ കാണാൻ രാഷ്ട്രീയ നേതൃത്വങ്ങൾക്ക് കഴിയണം. ഏതു സാഹചര്യത്തിലും ആദർശ മൂല്യങ്ങൾ മുറുകെപ്പിടിക്കാനും പണശക്തിയുടെ പ്രലോഭനങ്ങളെ ചെറുത്തു നിൽക്കാനുമുള്ള ഇഛാശക്തിയും വേണം. അതുണ്ടെങ്കിലേ ക്രിമിനലുകളിൽനിന്ന് അകന്നുനിൽക്കാനും അവർക്ക് ജനപ്രതിനിധി സഭകളിൽ സ്ഥാനം നിഷേധിക്കാനും ഏതു കക്ഷിക്കും കരുത്തുകിട്ടൂ. ഇല്ലെങ്കിൽ ക്രിമിനലുകളുടെ രാഷ്ട്രീയ സ്വാധീനത്തിന്റെ അപകടത്തെക്കുറിച്ച് വൃഥാ വാചാടോപം നടത്തിക്കൊണ്ടിരിക്കാം. ■